# പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1652** 06.03.2017 ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ വകുപ്പിലെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം. മാണി | | ഡോ.കെ.ടി ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) | |
| (എ) | നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ ഗ്രാമ പഞ്ചായത്തുകളിൽ ടൈപ്പിസ്റ്റുമാരില്ലാത്തതിനാൽ ജോലി ഭാരം മൂലം ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി ഫയലുകൾ തീർപ്പുകല്പിക്കുവാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | താത്കാലിക ജോലിക്കാരായി ഗ്രാമപഞ്ചായത്തുകളിൽ സേവനം അനുഷ്ഠിക്കുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ധാരാളം തെറ്റുകൾ വരുത്തി ലാഭത്തേക്കാളുപരി സർക്കാരിനും പൊതുജനങ്ങൾക്കും നഷ്ടവും ബുദ്ധിമുട്ടും വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് കമ്പ്യൂട്ടർ അധിഷ്ഠിതമായ എല്ലാ ജോലികളിലും പരിശീലനം നൽകുന്നതിന് കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ സേവനം ഗ്രാമപഞ്ചായത്തുകളിലെ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ ആവശ്യമായ ടൈപ്പിസ്റ്റുമാരുടെ തസ്തിക സൃഷ്ടിക്കുവാൻ ശ്രമിക്കുമോ; | (സി) | ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ് |
| (ഡി) | ടൈപ്പിസ്റ്റ് നിയമനവുമായി ബന്ധപ്പെട്ട് 27.10.2016 തീയതിയിലെ ജി.ഒ (എം.എസ്) 153/2013/LSGD ഉത്തരവ് പ്രകാരം ഡി.ടി.പി ഓപ്പറേറ്റർ തസ്തിക മാറ്റി എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക മുനിസിപ്പാലിറ്റികളിൽ കൊണ്ടുവന്നതുപോലെ ഗ്രാമപഞ്ചായത്തുകളിലും പ്രസ്തുത തസ്തിക കൊണ്ടുവരുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (ഡി) | പഞ്ചായത്ത് വകുപ്പിൽ ഡി.ടി.പി ഓപ്പറേറ്റർ തസ്തിക നിലവിലില്ലാത്തതിനാൽ ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ